നം.എച്ച് 3/18716/2018/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 04.05.2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും,
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും,
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് യു.പി/ഹൈസ്കൂളുകളിലെ സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച്

സൂചന : 1. 29.03.17 ലെ സ.ഉ (സാധാ) നം.884/2017/പൊ.വി.വ
2. 22.11.17 ലെ സ.ഉ (സാധാ) നം.4500/2017/പൊ.വി.വ
3. ഈ കാര്യാലയത്തിൽ നിന്നുളള 10.04.2017 ലെയും, 19.12.2017 ലെയും പുറത്തെഴുത്ത് കത്തുകൾ നമ്പർ എച്ച് 3/50355/15/ഡി.പി.ഐ

സൂചനയിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് അക്കൗണ്ടുകളിൽ ചെലവാകാതെ അവശേഷിക്കുന്ന തുക പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉൾപ്പെടെ മാനദണ്ഡങ്ങൾക്കനുസൃതമായി വിനിയോഗിക്കാൻ നിർദേശിച്ചിരുന്നു. ഈ ഉത്തരവ് വന്നതോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും മറ്റുമായി തീരെ ചെറുതല്ലാത്ത ഒരു സംഖ്യ എല്ലാ യു.പി/ഹൈസ്കൂളുകൾക്കും ലഭിക്കുന്ന അവസ്ഥ സംജാതമായി. എന്നാൽ പല സ്കൂളുകളിലും ഈ ഉത്തരവുകളിലെ നിർദേശ പ്രകാരം ടി. തുക പിൻവലിക്കുകയോ വിനിയോഗിക്കുകയോ ചെയ്തിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞിട്ടുളളത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി നമ്മുടെ സ്കൂളുകളിലെ സാമൂഹിക ഇടപെടൽ വളരെയധികം വർദ്ധിച്ച സാഹചര്യത്തിൽ സ്കൂളുകളിൽ ലഭ്യമായ ഫണ്ടുകൾ പോലും സ്കൂൾ പുരോഗതിക്കായി ഉപയോഗിക്കപ്പെടുന്നില്ല എന്നത് തികച്ചും ഖേദകരമാണ്. സർക്കാരിൽ നിന്ന് വ്യക്തമായ നിർദേശം ലഭിച്ചിട്ടുപോലും ചില പ്രഥമാധ്യാപകർ അത്തരത്തിൽ പ്രവർത്തിക്കുന്നത് കുറ്റകരമായ കൃത്യവിലോപമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും താഴെപ്പറയുന്ന നിർദേശങ്ങൾ നൽകുന്നു.

1. മെയ് 8, 9 തീയതികളിൽ ഏതെങ്കിലും ഒരു ദിവസം സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഉപജില്ലകളിലും പ്രഥമാധ്യാപകരുടെ അടിയന്തര യോഗം വിളിക്കേണ്ടതാണ്. യോഗത്തിൽ വച്ച് ഈ കത്തിന്റെ പകർപ്പ് എല്ലാ പ്രഥമാധ്യാപകർക്കും നൽകേണ്ടതാണ്.

2. സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സമർപ്പിക്കൽ തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ നിർദേശങ്ങൾ ഈ യോഗത്തിൽ വച്ച് പ്രഥമാദ്ധ്യാപകർക്ക് നൽകണം. 03.06.2019 നു മുമ്പ് (സ്കൂൾ തുറക്കുന്നതിനു മുമ്പ്) മുഴുവൻ സ്കൂളുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ഓഫീസിൽ സമർപ്പിക്കാൻ കർശന നിർദേശം നൽകണം.

3. ഓരോ സ്കൂളിന്റെയും സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 31.03.2019 വരെ ചെലവാക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരം കൂടി യോഗത്തിന് എത്തുമ്പോൾ കൊണ്ടുവരണമെന്ന് പ്രത്യേകം അറിയിപ്പ് നൽകേണ്ടതാണ്. ഇത് പരിശോധിച്ച്, നാളിതു വരെ സൂചനയിലെ ഉത്തരവ് പ്രകാരം തുക വിനിയോഗിക്കാത്ത പ്രഥമാധ്യാപരുടെ ലിസ്റ്റ് തയ്യാറാക്കി അവരിൽ നിന്ന് തുടർന്നുള്ള രണ്ട് ദിവസത്തിനുള്ളിൽ വിശദീകരണം വാങ്ങേണ്ടതാണ്.

4. സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 31.03.2019 വരെ അവശേഷിക്കുന്ന തുക 15.05.2019 ന് മുമ്പ് പിൻവലിക്കാനും സൂചനയിലെ ഉത്തരവുകളിൽ നിർദേശിക്കുന്ന പ്രവർത്തനങ്ങൾക്കായി (സ്പെഷ്യൽ ഫീസ് വിനിയോഗിക്കുന്നതിന് 24.01.1969 ലെ ജി.ഒ(പി) നമ്പർ 46/69/വി.വ.ൽ നിഷ്കർഷിക്കുന്ന ഇനങ്ങൾക്കുൾപ്പെടെ) വിനിയോഗിക്കാൻ എല്ലാ പ്രഥമാധ്യാപകർക്കും കർശന നിർദേശം നൽകണം. സ്കൂൾ കെട്ടിടങ്ങളുടെ ഈ വർഷത്തെ പെയിന്റിംഗ്/വൈറ്റ് വാഷിനും ടി. തുക വിനിയോഗിക്കാവുന്നതാണ്. തുക പിൻവലിക്കലും വിനിയോഗിക്കലും കൃത്യമായി എല്ലാ സ്കൂളുകളിലും നടക്കുന്നുണ്ട് എന്ന് ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. തുക വിനിയോഗിക്കുമ്പോൾ സൂചനയിലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

5. ഓരോ സ്കൂളിന്റെയും സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 16.05.2019 ന് അവശേഷിക്കുന്ന തുകയുടെ വിവരം പിറ്റേ ദിവസം തന്നെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാർ ശേഖരിച്ച് പരിശോധിക്കേണ്ടതും നിർദേശം അനുസരിച്ച് തുക പിൻവലിച്ച് വിനിയോഗ നടപടികൾ ആരംഭിക്കാത്ത പ്രഥമാധ്യാപകരുടെ പേരിൽ അച്ചടക്ക നടപടികൾക്ക് ശിപാർശ ചെയ്യേണ്ടതുമാണ്.

6. വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ എല്ലാ യു.പി/ഹൈസ്കൂളുകളിലെയും സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 16.05.2019 ന് അവശേഷിക്കുന്ന തുകയുടെ വിവരം എ.ഇ.ഒ/ഡി.ഇ.ഒ മാർ അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാരെ 20.05.2019 ന് തന്നെ അറിയിക്കേണ്ടതാണ്. ഈ ലിസ്റ്റ്

ഓഫീസിൽ സൂക്ഷിച്ചുകൊണ്ട്, റവന്യൂ ജില്ലയിലെ എല്ലാ സ്കൂളുകളിലും തുക പൂർണമായും വിനിയോഗിക്കപ്പെടുന്നുണ്ടോ എന്നത് വിലയിരുത്തി വിദ്യാഭ്യാസ ഉപഡയറക്ടർ ഒരു സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി 23.05.2019 ന് വൈകിട്ട് 5 മണിക്കു മുമ്പ് hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതാണ്. നിർദേശം അനുസരിക്കാത്ത പ്രഥമാധ്യാപകരുടെ പേരിൽ കർശനമായ അച്ചടക്ക നടപടികളും സ്വീകരിക്കേണ്ടതാണ്.

അതീവ പ്രാധാന്യമുളള വിഷയമായതിനാൽ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകരും ടി.നിർദേശങ്ങൾ കൃത്യമായി പാലിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും നടപ്പാക്കണമെന്നും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ജെസ്സി ജോസഫ്
**പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)**

പകർപ്പ് :

1. എല്ലാ പ്രഥമാധ്യാപകർക്കും (വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം - ഈ കത്തിലെ നിർദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് സ്പെഷ്യൽ ഫീസ് അക്കൗണ്ടിലെ അവശേഷിക്കുന്ന തുക പി.റ്റി.എ യുടെ സഹായത്തോടെ വിനിയോഗിക്കാൻ അടിയന്തര കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്)
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

*ബി.എൻ.എൽ. 04.05.19*